എ.വൈ.ആർ


സൂറ-12

## യൂസുഫ്

أَفَأَمِنُوٓاْ أَن تَأۡتِيَهُمۡ غَٰشِيَةٞ مِّنۡ عَذَابِ ٱللَّهِ أَوۡ
تَأۡتِيَهُمُ ٱلسَّاعَةُ بَغۡتَةٗ وَهُمۡ لَا يَشۡعُرُونَ ﴿١٠٧﴾

قُلۡ هَٰذِهِۦ سَبِيلِيٓ أَدۡعُوٓاْ إِلَى ٱللَّهِۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِيۖ وَسُبۡحَٰنَ
ٱللَّهِ وَمَآ أَنَا۠ مِنَ ٱلۡمُشۡرِكِينَ ﴿١٠٨﴾

وَمَآ أَرۡسَلۡنَا مِن قَبۡلِكَ إِلَّا رِجَالٗا نُّوحِيٓ إِلَيۡهِم مِّنۡ أَهۡلِ ٱلۡقُرَىٰٓۗ أَفَلَمۡ يَسِيرُواْ
فِي ٱلۡأَرۡضِ فَيَنظُرُواْ كَيۡفَ كَانَ عَٰقِبَةُ ٱلَّذِينَ مِن قَبۡلِهِمۡۗ وَلَدَارُ ٱلۡأٓخِرَةِ
خَيۡرٞ لِّلَّذِينَ ٱتَّقَوۡاْۚ أَفَلَا تَعۡقِلُونَ ﴿١٠٩﴾

**107** ഒട്ടും ഓർക്കാതിരിക്കെ പെട്ടെന്ന് ഒരു ദൈവിക ശിക്ഷ വന്ന് മൂടിക്കളയുന്നതിനെക്കുറിച്ച്, അല്ലെങ്കിൽ അന്ത്യനിമിഷം വന്നണയുന്നതിനെക്കുറിച്ച് ഇക്കൂട്ടർ നിർഭയരാണോ?!

**108** പ്രവാചകൻ അവരോട് തീർത്ത് പറഞ്ഞേക്കുക. ഇതാകുന്നു എന്റെ വഴി. ഞാനും എന്നെ അനുഗമിച്ചവരും തികഞ്ഞ ഉൾക്കാഴ്ചയോടെ അല്ലാഹുവിലേക്ക് വിളിക്കുന്നു. അല്ലാഹു അതീവ പരിശുദ്ധൻ! ഞാൻ ഒരിക്കലും ബഹുദൈവാരാധകരിൽ പെട്ടവനല്ല.

**109** പ്രവാചകാ, നിനക്ക് മുമ്പ് നാം അയച്ചിട്ടുള്ള ദൈവദൂതന്മാരൊക്കെയും മനുഷ്യർതന്നെ ആയിരുന്നു. അതത് ജനപദങ്ങളിൽനിന്നുള്ളവർക്ക് നാം ദിവ്യബോധനം നൽകിവരികയായിരുന്നു. ഈ ജനം ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേയോ? അപ്പോൾ അവർക്ക് മുമ്പ് കഴിഞ്ഞുപോയ ജനതകളുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് നോക്കിയിട്ടില്ലേയോ?! എന്നാൽ പ്രവാചക സന്ദേശം സ്വീകരിച്ച് ധർമനിഷ്ഠരാകുന്നവർക്ക് വിശിഷ്ടമായിട്ടുള്ളത് പരലോക ഭവനംതന്നെയാകുന്നു. ഇനിയും നിങ്ങൾ ഗ്രഹിക്കുന്നില്ലേയോ?!

أَفَأَمِنُوٓاْ = (ഇക്കൂട്ടർ) അവർ നിർഭയരാണോ?

أَن تَأۡتِيَهُمۡ غَٰشِيَةٞ = മൂടിക്കളയുന്നത് അവർക്ക് വരുന്ന(വന്ന് മൂടിക്കളയു)ന്നതിനെക്കുറിച്ച്

مِّنۡ عَذَابِ ٱللَّهِ = അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് ഉള്ളത് (ഒരു ദൈവിക ശിക്ഷ)

أَوۡ تَأۡتِيَهُمُ = അല്ലെങ്കിൽ അവർക്ക് വരു(വന്നണയു)ന്നതിനെ കുറിച്ച് ٱلسَّاعَةُ = അന്ത്യ, നിമിഷം, നാൾ بَغۡتَةٗ = പെട്ടെന്ന്

وَهُمۡ لَا يَشۡعُرُونَ = അവർക്ക് ബോധമില്ലാതിരിക്കെ (ഒട്ടും ഓർക്കാതിരിക്കെ)

قُلۡ = പ്രവാചകൻ (അവരോട് തീർത്തു) പറഞ്ഞേക്കുക

هَٰذِهِۦ سَبِيلِيٓ = ഇതാകുന്നു എന്റെ വഴി أَدۡعُوٓاْ = വിളിക്കുന്നു, പ്രബോധനം ചെയ്യുന്നു إِلَى ٱللَّهِۚ = അല്ലാഹുവിലേക്ക്

عَلَىٰ بَصِيرَةٍ = തികഞ്ഞ (ഉൾക്കാഴ്ചയോടെ) أَنَا۠ = ഞാൻ وَمَنِ ٱتَّبَعَنِيۖ = എന്നെ പിന്തുടരുന്നവരും

وَسُبۡحَٰنَ ٱللَّهِ = അല്ലാഹു അതീവ പരിശുദ്ധൻ وَمَآ أَنَا۠ = ഞാൻ അല്ല مِنَ ٱلۡمُشۡرِكِينَ = ബഹുദൈവാരാധകരിൽ പെട്ടവൻ

وَمَآ أَرۡسَلۡنَا = (അയച്ചിട്ടുള്ള ദൈവദൂതന്മാരൊക്കെയും) നാം അയച്ചിട്ടില്ല مِن قَبۡلِكَ = നിനക്ക് മുമ്പ്

إِلَّا رِجَالًا = പുരുഷന്മാരെയല്ലാതെ (മനുഷ്യർതന്നെ ആയിരുന്നു)

نُّوحِيٓ = (ദിവ്യബോധനം നൽകിവരികയായിരുന്നു) നാം ബോധനം ചെയ്യുന്നു إِلَيۡهِم = അവരിലേക്ക്

مِّنۡ أَهۡلِ ٱلۡقُرَىٰٓۗ = (അതത് ജനപദങ്ങളിൽനിന്നുള്ളവർ) ഗ്രാമങ്ങളുടെ, പട്ടണങ്ങളുടെ ആളുകളിൽനിന്ന്

أَفَلَمۡ يَسِيرُواْ = അവർ സഞ്ചരിച്ചിട്ടില്ലേയോ فِى ٱلۡأَرۡضِ = ഭൂമിയിൽ فَيَنظُرُواْ = അപ്പോൾ അവർ നോക്കിയിട്ടില്ലേയോ

كَيۡفَ = എങ്ങനെ كَانَ = ആയിരുന്നു عَٰقِبَةُ = അന്ത്യം, പരിണതി

ٱلَّذِينَ مِن قَبۡلِهِمۡۗ = (കഴിഞ്ഞുപോയ ജനതകളുടെ) അവർക്ക് മുമ്പ് ഉള്ളവരുടെ

وَلَدَارُ ٱلۡأٓخِرَةِ = (എന്നാൽ) പരലോക ഭവനം തന്നെയാകുന്നു خَيۡرٌ = വിശിഷ്ടമായിട്ടുള്ളത്

لِّلَّذِينَ ٱتَّقَوۡاْۗ = സൂക്ഷ്മത കൈക്കൊണ്ട(പ്രവാചക സന്ദേശം സ്വീകരിച്ച് ധർമനിഷ്ഠരാകുന്ന)വർക്ക്

أَفَلَا تَعۡقِلُونَ = ഇനിയും നിങ്ങൾ ഗ്രഹിക്കുന്നില്ലേയോ?

**107:** ഇതൊരു ഉദ്ബോധനവും താക്കീതുമാണ്. പ്രതിഷ്ഠകളിലും പുണ്യാത്മാക്കളിലും ശിപാർശകരിലും സിദ്ധന്മാരിലും നേതാക്കളിലുമൊക്കെ വിശ്വാസമർപ്പിച്ചു കഴിയുന്ന ഈയാളുകളെ പെട്ടെന്ന് വല്ല മഹാവിപത്തും ബാധിക്കുകയില്ലെന്നോ, അല്ലെങ്കിൽ ലോകാവസാനം സംഭവിക്കുകയില്ലെന്നോ അവർക്കുറപ്പുണ്ടോ? അഥവാ അങ്ങനെ സംഭവിച്ചാൽ തങ്ങളുടെ ആരാധ്യർ തങ്ങളെ കാത്തുകൊള്ളുമെന്ന് കരുതുന്നുണ്ടോ? എന്നാൽ ആരും അവരെ രക്ഷിക്കാനുണ്ടാവില്ല. അതോടെ അവരുടെ കഥ കഴിയും. അതിനാൽ അത്തരം വിപത്തുകളെത്തും മുമ്പ് പ്രപഞ്ചനാഥനായ അല്ലാഹുവിൽ വിശ്വസിക്കുകയും അവനിൽ അഭയംതേടുകയുമാണ് ബുദ്ധിയുള്ളവർ ചെയ്യേണ്ടത്.

മൂടി, പൊതിഞ്ഞു എന്നൊക്കെ അർഥമുള്ള غشي യിൽ നിന്നുള്ള കർതൃപദമണ് غاشية. വ്യക്തി/സമൂഹം പൂർണമായി അകപ്പെട്ടുപോകുന്ന മഹാ വിപത്ത് എന്നാണ് അതിന്റെ പ്രയോഗാർഥം. നിമിഷത്തിനും മണിക്കൂറിനും ഉപയോഗിക്കുന്ന പദമാണ് ساعة. ഖുർആൻ الساعة ഉപയോഗിച്ചിട്ടുള്ളത് ലോകാവസാന സമയം എന്ന അർഥത്തിലാണ്. വ്യക്തിയെ സംബന്ധിച്ചേടത്തോളം അയാളുടെ മരണ സമയമാണ് الساعة. ഈ സൂക്തം മനുഷ്യരാശിയെ അനുസ്മരിപ്പിക്കുന്നത് പൊതുവായി ബാധിക്കുന്ന മഹാ വിപത്തിനെയും ലോകാവസാനത്തെയും കുറിച്ചാണ്. അതോടൊപ്പം ഓരോ വ്യക്തിയെയും അവൻ നേരിട്ടേക്കാവുന്ന കൊടുംവിപത്തിനെയും മരണത്തെയും അനുസ്മരിപ്പിക്കുന്നു.

**108:** ഈ കുഴപ്പങ്ങളുടെയെല്ലാം അടിവേര് ശിർക്ക്-ബഹുദൈവത്വമാണ്. അതായത് മനുഷ്യൻ സ്വയം ദൈവം ചമയുകയോ തനിക്ക് ബോധിച്ച ദൈവങ്ങളെ സ്വയം സൃഷ്ടിക്കുകയോ ചെയ്തുകൊണ്ട് സാക്ഷാൽ ദൈവത്തിന്റെ അധികാരാവകാശങ്ങളിൽ കടന്നുകയറാൻ ശ്രമിക്കുക. അതിനാൽ തന്റെ പ്രബോധിതരുടെ ശിർക്കുപരമായ നിലപാടുകൾ പരാമർശിച്ചപ്പോൾ ഒരു കാര്യം അവരോട് അസന്ദിഗ്ധമായി പറയാൻ പ്രവാചകനോടാവശ്യപ്പെട്ടിരിക്കുകയാണ് അല്ലാഹു. അല്ലാഹുവിന്റെ ഏകത്വം സമ്പൂർണമായി അംഗീകരിച്ചുകൊണ്ടും അതിന്റെ താൽപര്യങ്ങൾ പൂർത്തീകരിച്ചുകൊണ്ടും ഞാൻ നിലകൊള്ളുന്ന മാർഗമാണ് എന്റേത്. അല്ലാഹുവിന്റെ ഈ മാർഗത്തിലേക്കാണ് ഞാനും എന്നെ പിന്തുടർന്നവരും നിങ്ങളെ വിളിക്കുന്നത്. ഞങ്ങളിത് വെറുതെ ഒരു കമ്പം കൊണ്ടോ പുതുമക്കു വേണ്ടിയോ ചെയ്യുന്നതല്ല. സാക്ഷാൽ ദൈവത്തിന്റെ ഏകത്വത്തിന്റെ അർഥവും താൽപര്യവും അത് അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതിന്റെ അനിവാര്യതയും ആഴത്തിൽ ഗ്രഹിച്ചുകൊണ്ടാണ് ഞങ്ങളിത് ചെയ്യുന്നത്. അതുകൊണ്ട് ഞങ്ങൾക്കൊരിക്കലും ബഹുദൈവങ്ങളിൽ വിശ്വസിക്കാനോ ആരാധിക്കാനോ കഴിയില്ല. ബഹുദൈവത്വത്തിന്റെ എല്ലാ ഇടപാടുകളിൽനിന്നും തികച്ചും മുക്തരായി ബഹുത്വത്തിന്റെ എല്ലാ കളങ്കങ്ങളിൽനിന്നും പരിശുദ്ധനായ അല്ലാഹുവിനെ വാഴ്ത്തുന്നവരാണ് ഞങ്ങൾ.

ഇവിടെ അല്ലാഹുവിലേക്കുള്ള ക്ഷണത്തെ പ്രവാചകനോടൊപ്പം أَنَا۠ وَمَنِ ٱتَّبَعَنِيۖ എന്ന് വിശ്വാസികളിലേക്ക് കൂടി ചേർത്തു പറഞ്ഞത് ശ്രദ്ധേയമാകുന്നു. ജനങ്ങളെ അല്ലാഹുവിലേക്ക് വിളിക്കുക പ്രവാചകന്റെ മാത്രം കർത്തവ്യമല്ല, അദ്ദേഹത്തിൽ വിശ്വസിച്ചവരുടെ - എല്ലാ മുസ്ലിംകളുടെയും - കൂടി കർത്തവ്യമാണെന്ന് അതിൽനിന്ന് സ്പഷ്ടമാകുന്നു.

**109:** വിഗ്രഹാരാധകർ പ്രവാചകനിലും ഖുർആനിലും വിശ്വസിക്കാതിരിക്കാൻ ഉന്നയിക്കുന്ന ഒരു ന്യായം ഇതായിരുന്നു: മനുഷ്യൻ പ്രവാചകന്മാരാകാൻ പറ്റില്ല. ദൈവത്തിന് ഭൂമിയിലേക്ക് ഒരു പ്രവാചകനെ അയക്കണമെന്നുണ്ടെങ്കിൽ തന്നെ അതിനവൻ തെരഞ്ഞെടുക്കുന്നത് നമ്മെപ്പോലെ ജനിക്കുകയും മരിക്കുകയും ഉണ്ണുകയും ഉറങ്ങുകയും ചെയ്യുന്ന മനുഷ്യനെയാവില്ല; അവന്റെ സമീപസ്ഥരായ മലക്കുകളെയോ ജിന്നുകളെയോ ആയിരിക്കും. മുഹമ്മദ് മനുഷ്യനാണ് എന്നത് അയാൾ പ്രവാചകനല്ല എന്നതിനു തെളിവാകുന്നു. സൂറ *അൽ ഇസ്രാഅ്* 94-ാം സൂക്തത്തിൽ ഈ വിമർശനം ഇപ്രകാരം ഉദ്ധരിക്കുന്നുണ്ട്.

وَمَا مَنَعَ ٱلنَّاسَ أَن يُؤْمِنُوٓا۟ إِذْ جَآءَهُمُ ٱلْهُدَىٰٓ إِلَّآ أَن قَالُوٓا۟ أَبَعَثَ ٱللَّهُ بَشَرًا رَّسُولًا ﴿٩٤﴾

(സന്മാർഗം വന്നുകിട്ടിയപ്പോൾ അത് സ്വീകരിക്കുന്നതിൽനിന്ന് ആളുകളെ തടഞ്ഞത് 'അല്ലാഹു മനുഷ്യനെ ദൂതനായി അയക്കുകയോ' എന്ന അവരുടെ വാദം തന്നെയായിരുന്നു). തൊട്ടടുത്ത സൂക്തത്തിൽ അല്ലാഹു അവർക്ക് നൽകുന്ന മറുപടി ഇങ്ങനെയാണ്:

قُل لَّوْ كَانَ فِى ٱلْأَرْضِ مَلَٰٓئِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِم مِّنَ ٱلسَّمَآءِ مَلَكًا رَّسُولًا ﴿٩٥﴾

(പ്രവാചകൻ അവരോട് പറയുക: ഭൂമിയിലുള്ളത് ശാന്തരായി ചരിക്കുന്ന മലക്കുകളായിരുന്നുവെങ്കിൽ ഒരു മലക്കിനെതന്നെ നാം അവർക്ക് ദൂതനായി നിയോഗിക്കുമായിരുന്നു). ഭൂമിയിൽ മനുഷ്യനെ ദൈവദൂതനായി നിശ്ചയിക്കുന്നതിന്റെ അടിസ്ഥാന കാരണമാണ് അവിടെ വ്യക്തമാക്കിയിരിക്കുന്നത്. ചരിത്രത്തിലേക്ക് വിരൽ ചൂണ്ടി, അവരുടെ വിമർശനം നിരർഥകമാണെന്ന് പ്രവാചകനെ സംബോധന ചെയ്തുകൊണ്ട് പറയുകയാണ് ഈ സൂക്തം. ചരിത്രത്തിൽ കഴിഞ്ഞുപോയിട്ടുള്ള ദൈവദൂതന്മാരെല്ലാം മനുഷ്യരായിരുന്നു. അറബ് നാടുകളിൽ തന്നെ ആഗതരായിട്ടുള്ള ഹൂദ്, സ്വാലിഹ് തുടങ്ങിയവർ ഉദാഹരണം. ബൈബിളും നിരവധി പ്രവാചകന്മാരെ പരാമർശിക്കുന്നുണ്ട്. അവരും മനുഷ്യർ തന്നെയായിരുന്നു. മലക്കോ ജിന്നോ ആയ ഒരു പ്രവാചകനെയും ചരിത്രത്തിൽ കണ്ടെത്താനാവില്ല. അന്നാട്ടിലുള്ള യോഗ്യനായ ഒരാളെയാണ് അല്ലാഹു ഓരോ നാട്ടിലും പ്രവാചകനായി നിയോഗിച്ചുകൊണ്ടിരുന്നത്. മനുഷ്യരെ മാർഗദർശനം ചെയ്യേണ്ടത് മനുഷ്യനായ പ്രവാചകനാണ്. വേദമോതുക മാത്രമല്ല പ്രവാചകന്റെ ദൗത്യം; ജീവിതചര്യകൊണ്ട് വേദോപദേശങ്ങളുടെ പ്രയോഗവത്കരണത്തിന് മാതൃകാപരമായി സത്യസാക്ഷ്യം വഹിക്കുക കൂടിയാണ്. ജിന്നുകളുടെയും മലക്കുകളുടെയും ജീവിതചര്യ മനുഷ്യന് മാതൃകയാവില്ല. ഇനി മലക്കിനെ മനുഷ്യരൂപത്തിൽ അയച്ചുവെന്ന് വിചാരിക്കുക. മനുഷ്യരായ പ്രവാചകന്മാരെക്കുറിച്ചുണ്ടാകുന്ന സംശയങ്ങൾ ആ പ്രവാചകനെക്കുറിച്ചും ഉണ്ടാകും. ഖുർആൻ അതിങ്ങനെ വ്യക്തമാക്കിയിട്ടുണ്ട്:

وَلَوْ جَعَلْنَٰهُ مَلَكًا لَّجَعَلْنَٰهُ رَجُلًا وَلَلَبَسْنَا عَلَيْهِم مَّا يَلْبِسُونَ

(പ്രവാചകനെ മലക്കാക്കിയിരുന്നുവെങ്കിൽ, മനുഷ്യരൂപത്തിൽ തന്നെയാണദ്ദേഹത്തെ ആക്കുക. ആളുകൾക്ക് ഇപ്പോഴുണ്ടാകുന്ന സംശയം അപ്പോഴുമുണ്ടാകും-6:9).

മനുഷ്യരുടെ മാർഗദർശനാർഥം നിയുക്തരായപ്രവാചകന്മാരെല്ലാം മനുഷ്യരായിരുന്നതുപോലെ മുഹമ്മദ് നബിയും മനുഷ്യനാണ്. അത് ഒരു കുറവല്ല, മനുഷ്യരുടെ പ്രവാചകനായിരിക്കാനുള്ള യോഗ്യതയാണ്. ജനിക്കുകയും മരിക്കുകയും ചെയ്യാത്ത, ഊണും ഉറക്കവുമില്ലാത്ത, സുഖ-ദുഃഖങ്ങളില്ലാത്ത മലക്കുകളെപ്പോലുള്ള അസ്തിത്വങ്ങൾക്ക് മനുഷ്യന്റെ സന്മാർഗ ജീവിതത്തിന് മാതൃകയാകാനാവില്ല. മനുഷ്യ പ്രകൃതിയുള്ള മനുഷ്യർക്കേ അതിന് കഴിയൂ. പ്രവാചകന്മാർക്കുണ്ടായിരുന്ന അസാധാരണത്വം അല്ലാഹുവിൽ നിന്ന് ദിവ്യസന്ദേശം ലഭിക്കുന്നു എന്നതായിരുന്നു. ദിവ്യസന്ദേശലബ്ധിയാകട്ടെ അവരുടെ മനുഷ്യപ്രകൃതിയെ തെല്ലും ഹനിച്ചിരുന്നില്ല. തങ്ങൾ അല്ലാഹുവിനാൽ നിയുക്തരായവരാണെന്ന് പ്രബോധിതരെ ബോധ്യപ്പെടുത്താൻ ചിലപ്പോൾ ചില അമാനുഷിക അത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താൻ കഴിഞ്ഞിരുന്നുവെന്നതാണ് മറ്റൊരു അസാധാരണത്വം. ഇത്തരം ദിവ്യാത്ഭുതങ്ങൾ അവരുടെ സ്വാതന്ത്ര്യത്തിലും അധികാരത്തിലും പെട്ടതായിരുന്നില്ല. അല്ലാഹു അനുവദിക്കുന്ന സന്ദർഭങ്ങളിൽ അനുവദിച്ച അളവിൽ മാത്രമേ അവർക്കത് പ്രത്യക്ഷപ്പെടുത്താൻ കഴിഞ്ഞിരുന്നുള്ളൂ.

رجال-നെയാണ് മനുഷ്യർ എന്ന് തർജമ ചെയ്തിട്ടുള്ളത്. അതിന്റെ പ്രയോഗാർഥമാണത്. ഭാഷാർഥം പുരുഷന്മാർ എന്നാണ്. رجل ആണ് ഏകവചനം. ഈ സന്ദർഭത്തിൽ رجال-നെ ഭാഷാർഥത്തിൽ തന്നെ സ്വീകരിക്കണമെന്നാണ് ഭൂരിപക്ഷം വ്യാഖ്യാതാക്കളുടെ അഭിപ്രായം. കാരണം, സ്ത്രീകൾ പ്രവാചകന്മാരാകുമെന്ന് ഖുർആൻ പറയുന്നില്ല. ഖുർആൻ പരാമർശിച്ച പ്രവാചകന്മാരെല്ലാം പുരുഷന്മാരാണുതാനും. സ്ത്രീകൾ പ്രവാചകത്വത്തിന് യോഗ്യരല്ല എന്നാണതിൽനിന്ന് മനസ്സിലാക്കേണ്ടത്.കായികവും മാനസികവുമായ അസാമാന്യശേഷി ആവശ്യപ്പെടുന്ന ഭാരിച്ച ഉത്തരവാദിത്വമാണ് പ്രവാചകത്വം. പ്രവാചകത്വലബ്ധി മുതൽ മരണം വരെയുള്ള മുഴുജീവിതത്തിലും ഇടതടവില്ലാതെ നിർവഹിച്ചുകൊണ്ടിരിക്കേണ്ടതാണത്. മുഴുസമയം ജനങ്ങളെ പ്രബോധനംചെയ്തുകൊണ്ടും കർമമാതൃകകൾ കാണിച്ചുകൊണ്ടുമിരിക്കണം. ഇത് ആർത്തവം, പ്രസവം, സന്താനപരിപാലനം പോലുള്ള സ്ത്രൈണ ധർമങ്ങൾക്കിണങ്ങുന്നതല്ല. കൂടാതെ പുരുഷനെപ്പോലെ സമൂഹം സ്ത്രീയെ ഗുരുവും മാതൃകയുമായി സ്വീകരിക്കുകയില്ല. പ്രവാചകന്മാർക്ക് പ്രതിയോഗികളുടെ കടുത്ത എതിർപ്പും അക്രമ-മർദനങ്ങളും നേരിടേണ്ടതുണ്ട്. ചിലപ്പോൾ സ്വദേശത്തുനിന്ന് പലായനം ചെയ്യേണ്ടിവരും. ചിലപ്പോൾ ശത്രുക്കളുമായി ഘോരയുദ്ധംനടത്തേണ്ടിവരും. ചിലപ്പോൾ സഖ്യസമാധാന കരാറുകളുണ്ടാക്കണം. അനുയായികൾക്ക് നേതൃത്വം നൽകണം, നാടു ഭരിക്കണം ഇതൊന്നും കായികമായി ദുർബലരും മാനസികമായി മൃദുലരുമായ സ്ത്രീകളുടെ പ്രകൃതിക്ക് ചേർന്നതല്ല.

ചില ഖുർആൻ വ്യാഖ്യാതാക്കൾ സ്ത്രീകളും പ്രവാചകന്മാരാകാമെന്നും ആയിട്ടുണ്ടെന്നും വാദിക്കുന്നു. അവരെക്കുറിച്ച് ഇബ്നു കസീർ എഴുതുന്നു: "ഇബ്റാഹീം നബിയുടെ പത്നി സാറയും മൂസാ നബിയുടെ മാതാവും ഈസാ നബിയുടെ മാതാവ് മർയമും പ്രവാചക വനിതകളായിരുന്നുവെന്ന് ചിലർ വാദിച്ചിരിക്കുന്നു. അവരുടെ ന്യായം ഇതാകുന്നു: മലക്കുകൾ സാറക്ക് ഇസ്ഹാഖിന്റെയും ഇസ്ഹാഖിന് പിറകെ യഅ്ഖൂബിന്റെയും ജന്മ സുവിശേഷം അറിയിച്ചിട്ടുണ്ട്. وَأَوْحَيْنَآ إِلَىٰٓ أُمِّ مُوسَىٰٓ (മൂസായുടെ മാതാവിനു നാം ദിവ്യസന്ദേശം നൽകി) എന്ന് 28:7-ൽ അല്ലാഹു പ്രസ്താവിക്കുന്നു. മലക്കുകൾ വന്ന് മർയമിനോട് പറഞ്ഞതായി 3:42,43-ൽ ഉദ്ധരിക്കുന്നു.

وَإِذْ قَالَتِ ٱلْمَلَٰٓئِكَةُ يَٰمَرْيَمُ إِنَّ ٱللَّهَ ٱصْطَفَىٰكِ وَطَهَّرَكِ وَٱصْطَفَىٰكِ عَلَىٰ نِسَآءِ ٱلْعَٰلَمِينَ ﴿٤٢﴾ يَٰمَرْيَمُ ٱقْنُتِى لِرَبِّكِ وَٱسْجُدِى وَٱرْكَعِى مَعَ ٱلرَّٰكِعِينَ ﴿٤٣﴾

(മലക്കുകൾ വന്ന് മർയമിനോടോതിയത് ഓർക്കുക: അല്ലയോ മർയം, അല്ലാഹു നിന്നെ പ്രത്യേകം സജ്ജമാക്കുകയും ശുദ്ധീകരിക്കുകയും ലോക നാരികളിലേറ്റം മികച്ചവളായി തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു. മർയമേ, നിന്റെ വിധാതാവിനോട്

വണക്കമുള്ളവളായിരിക്കുക. അവനെ പ്രണമിക്കുകയും അവന്റെ മുന്നിൽ കുനിയുന്നവരോടൊപ്പം കുനിയുകയും ചെയ്യുക). ഇത്രത്തോളം മഹത്വം അവർക്ക് ലഭിച്ചിട്ടുണ്ടെന്നത് ശരിതന്നെ. അതുകൊണ്ട് അവർ പ്രവാചകകളായിരിക്കൽ അനിവാര്യമാകുന്നില്ല" (തഫ്സീർ ഇബ്നു കസീർ, വാള്യം 2, പേജ് 496). സ്ത്രീകളുടെ പ്രവാചകത്വം വാദിക്കുന്നവർ നബി(സ)യിൽനിന്ന് ഇങ്ങനെ ഒരു വചനം നിവേദനം ചെയ്യുന്നതായി അൽ ഉസ്താദ് ഡോ. വഹ്ബതുസ്സുഹൈലി തന്റെ *തഫ്സീറുൽ മുനീറിൽ* ഉദ്ധരിച്ചിരിക്കുന്നു:

في النساء أربع نبيات حواء آسية وام موسى ومريم (സ്ത്രീകളിൽ നാല് പ്രവാചകരുണ്ട്. ഹവ്വാഉ്, ആസിയ, മൂസായുടെ മാതാവ്, മർയം). ഈ ഹദീസ് സ്ഥിരപ്പെടാത്തത് –غَيْرُ ثَابت– ആണെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്.

ദിവ്യബോധനം (وحي) ലഭിക്കുക എന്നത് പ്രവാചകത്വത്തിന്റെ പ്രധാന ഗുണമാണെങ്കിലും അത് ലഭിക്കുന്നവരെല്ലാം സാങ്കേതികാർഥത്തിലുള്ള പ്രവാചകന്മാരായി നിയോഗിക്കപ്പെട്ടവരാവണമെന്നില്ല. മുകളിൽ സൂചിപ്പിച്ച ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തരായ പുരുഷന്മാരേ സാങ്കേതികാർഥത്തിലുള്ള പ്രവാചകന്മാരാകുന്നുള്ളൂ. ഇതാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെ നിലപാട്.

قَرْيَة–ന്റെ ബഹുവചനമാണ് قُرَى. സ്ഥിരമായി ജനവാസമുള്ള പ്രദേശമാണ് قَرْيَة. പുരം, നാട്, ഊര് എന്നിങ്ങനെയും തർജമ ചെയ്യാം. അത് പട്ടണവുമാകാം, ഗ്രാമവുമാകാം. രണ്ടർഥത്തിലും ഉപയോഗമുണ്ട്. നാട്ടുകാർ, പട്ടണവാസികൾ എന്നീ അർഥങ്ങളിലും പ്രയോഗിക്കുന്നു. ഈ സന്ദർഭത്തിൽ പട്ടണം എന്ന അർഥമാണ് വ്യാഖ്യാതാക്കൾ പൊതുവിൽ അംഗീകരിച്ചിട്ടുള്ളത്. സ്ഥിരവാസികളല്ലാത്ത അപരിഷ്കൃത ഗ്രാമീണരിൽ നിന്ന് (مِنْ أَهْلِ الْبَادِيَة) പ്രവാചകന്മാർ നിയുക്തരായിട്ടില്ലെന്നും അവർ പറയുന്നു. കാരണം അത്തരം ഗ്രാമീണർ പ്രാകൃതരും പരുഷ പ്രകൃത്ക്കാരും അജ്ഞരുമാണ്. നഗരവാസികളെ സ്വാധീനിക്കാനോ മാർഗദർശനം ചെയ്യാനോ അവർക്കാവില്ല. നാഗരികർ അവരേക്കാൾ പ്രബുദ്ധരും വിവേകികളും വിജ്ഞരുമായിരിക്കും. ജിന്നോ മലക്കോ സ്ത്രീയോ അല്ലാതിരിക്കുക എന്നതു പോലെതന്നെ പ്രവാചകത്വത്തിന്റെ ഉപാധികളിലൊന്നായിട്ടാണ് പണ്ഡിതന്മാർ നാഗരികതയെ കണക്കാക്കുന്നത്.

أَفَلَمْ يَسِيرُوا ...... എന്ന വാക്യത്തിന്റെ സാരമിതാണ്.

പൂർവകാലത്ത് നശിപ്പിക്കപ്പെട്ട പല ജനസമൂഹങ്ങളുടെയും നാടുകളിലൂടെ ഇക്കൂട്ടർ അവരുടെ വ്യാപാര യാത്രകളിൽ സഞ്ചരിക്കുന്നില്ലേ? ആ സമൂഹങ്ങൾ നശിക്കുന്നതിനുമുമ്പ് അല്ലാഹു അവരുടെ സന്മാർഗദർശനത്തിനായി പ്രവാചകന്മാരെ നിയോഗിച്ചിരുന്നു. ആ പ്രവാചകന്മാരെല്ലാം മനുഷ്യരായിരുന്നു. ആദ്, സമൂദ്, മദ്യൻ തുടങ്ങിയ ജനപദങ്ങളുടെ നഷ്ടാവശിഷ്ടങ്ങൾ യഥാർഥത്തിൽ വിളിച്ചോതുന്നത് പ്രവാചകന്മാരെ ധിക്കരിച്ച് അന്ധവിശ്വാസത്തിലും അധർമത്തിലും ആണ്ടുപോകുന്നതിന്റെ നഷ്ടമെന്തെന്നും അവരെ വിശ്വസിച്ച് സംസ്കാരവും സന്മാർഗവും കൈക്കൊള്ളുന്നതിന്റെ നേട്ടമെന്തെന്നുമാണ്.

എന്നാൽ സത്യം വിശ്വസിക്കുകയും ധർമമനുഷ്ഠിക്കുകയും ചെയ്തവർക്ക് ഈ ലോകത്തുണ്ടാകുന്ന നേട്ടങ്ങളേക്കാൾ എത്രയോ വിശിഷ്ടവും ശാശ്വതവുമാണ് പരലോകത്തുണ്ടാകുന്ന നേട്ടങ്ങൾ. ബുദ്ധിയുപയോഗിച്ച് ചിന്തിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് സ്വയം മനസ്സിലാക്കാൻ കഴിയും. ഇതാണ് وَلَدَارُ الْآخِرَةِ .... تَعْقِلُونَ എന്ന വാക്യത്തിന്റെ സാരം. ■